بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 12.03.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) - ഭാഗം(6)

اَشۡھَدُ اَنۡ لَّا اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۲﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۳﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۴﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۵﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۶﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറഃഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ഹദ്റത്ത് ഉസ്മാൻ(റ)നെ കുറിച്ചുള്ള അനുസ്മരണമാണ് തുടരുന്നത്. ഹദ്റത്ത് ഉസ്മാൻ അവസാനത്തെ ഹജ്ജ് നിർവഹിച്ചത് മരണത്തിനും ഒരു വർഷം മുമ്പ് ഫിത്നകൾ ഉയരാൻ തുടങ്ങിയപ്പോഴാണ്. അദ്ദേഹത്തിന്റെ അവസാനത്തെ ഹജ്ജുവേളയിൽ കലാപകാരികൾ തലപൊക്കാൻ തുടങ്ങിയിരുന്നു. ഹദ്റത്ത് അമീർ മുആവിയക്ക് അക്കാര്യം നല്ലവണ്ണം അനുഭവപ്പെട്ടിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു, ഹജ്ജിൽ നിന്നും മടങ്ങുമ്പോൾ ഹദ്റത്ത് മുആവിയ ഹദ്റത്ത് ഉസ്മാനോടൊപ്പം മദീനയിലേക്ക് പോന്നു. കുറച്ചുനാൾ അവിടെ തങ്ങിയശേഷം അദ്ദേഹം മടങ്ങാൻ ഒരുങ്ങിയപ്പോൾ അദ്ദേഹം ഹദ്റത്ത് ഉസ്മാനെ തനിച്ച് കാണുകയും ഫിത്ന വർദ്ധിച്ചു വരുന്നതായി അനുഭവപ്പെടുന്നതായും അതെക്കുറിച്ച് അങ്ങ് അനുവദിക്കുകയാണെങ്കിൽ ചില കാര്യങ്ങൾ ബോധിപ്പിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്നും അപേക്ഷിക്കുകയുണ്ടായി. ഹദ്റത്ത് ഉസ്മാൻ പറഞ്ഞുകൊള്ളാൻ സമ്മതമേകി. അദ്ദേഹം പറഞ്ഞു: താങ്കൾ എന്നോടൊപ്പം സിറിയയിലേക്കു വരണമെന്നാണ് എന്റെ ആദ്യത്തെ അഭിപ്രായം. കാരണം അവിടെ എല്ലാ വിധത്തിലും സമാധാനപരമായ അന്തരീക്ഷമാണ്. ഒരു തരത്തിലുള്ള കുഴപ്പങ്ങളുമില്ല. പൊടുന്നനെ ഒരു കലാപം പൊട്ടിപുറപ്പെടുകയും അതിനെ ചെറുക്കാനുള്ള സംവിധാനമില്ലാതെ വരികയും ചെയ്തേക്കാമെന്ന് ഞാൻ ഭയക്കുന്നു. ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തിന് മറുപടി നല്കി. എന്റെ ശരീരം തുണ്ടം തുണ്ടമാക്കപ്പെട്ടാലും ശരി ഞാൻ എന്തു തന്നെയായാലും റസൂൽകരീം(സ)യുടെ സ്മരണകളുറങ്ങുന്ന ഭൂമിയെ ഉപേക്ഷിക്കാൻ തയ്യാറല്ല. ഹദ്റത്ത് മുആവിയ പറഞ്ഞു: എന്നാൽ എന്റെ രണ്ടാമത്തെ അഭിപ്രായമിതാണ്, തങ്ങളുടെ സുരക്ഷയ്ക്കായി സിറിയയിൽ നിന്നും ഒരു സൈനിക വിഭാഗത്തെ അയക്കാൻ എനിക്ക് അങ്ങ് അനുമതി നല്കണം. അവരുണ്ടെങ്കിൽ ഒരുത്തനും അങ്ങയെ ഉപദ്രവിക്കാൻ മുതിരുകയില്ല. ഹദ്റത്ത് ഉസ്മാൻ മറുപടി നല്കി, ഉസ്മാന്റെ ജീവൻ രക്ഷിക്കാനായി ബയ്ത്തുൽ മാലിനുമേൽ ഇത്രയും ഭാരം ചുമത്താനോ സൈന്യത്തെ ഇറക്കി മദീനവാസികളെ ഞെരുക്കത്തിലാക്കാനോ ഞാൻ താല്പര്യപ്പെടുന്നില്ല. അപ്പോൾ ഹദ്റത്ത് മുആവിയ പറഞ്ഞു, എന്നാൽ എന്റെ മൂന്നാമത്തെ അഭിപ്രായമിതാണ്, സ്വഹാബാക്കൾ ഇവിടെയുള്ളപ്പോൾ ഉസ്മാനില്ലെങ്കിൽ മറ്റാരെയെങ്കിലും ആ സ്ഥാനത്തേക്കു കൊണ്ടുവരുമല്ലോ എന്ന്ജനങ്ങൾക്ക് ധൈര്യമുണ്ടാകും. അതുകൊണ്ട് അവരെ വിവിധ രാജ്യങ്ങളിലേക്ക് അയക്കുക. അതുകേട്ടപ്പോൾ ഹദ്റത്ത് ഉസ്മാൻ പറഞ്ഞു, റസൂലുല്ലാഹ്(സ) ഒരുമിച്ചുകൂട്ടിയവരെ ചിന്നിച്ചിതറാനും അകറ്റാനും എനിക്കു സാധിക്കുമോ? അതുകേട്ടതും മുആവിയ കരഞ്ഞുകൊണ്ട് ഇങ്ങനെ അപേക്ഷിച്ചു, താങ്കളുടെ സുരക്ഷയ്ക്കായി ഞാൻ മുന്നോട്ടുവച്ച അഭിപ്രായങ്ങൾ താങ്കൾക്ക് സമ്മതമല്ലെങ്കിൽ കുറഞ്ഞപക്ഷം താങ്കൾ ഇങ്ങനെ ഒരു വിളംബരമെങ്കിലും നടത്തണം. എന്റെ ജീവന് ഹാനിവന്നാൽ എനിക്കുവേണ്ടി പ്രതികാരം ചെയ്യാൻ മുആവിയക്ക് അവകാശമുണ്ടാകുന്നതാണ്. ഒരുപക്ഷേ ഇത്കേട്ട് ഭയന്ന് കൊണ്ട് ജനങ്ങൾ ദ്രോഹങ്ങളിൽ നിന്നും വിട്ടുനിന്നേക്കാം. അപ്പോൾ ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: അല്ലയോ മുആവിയ! സംഭവിക്കാനുള്ളത് സംഭവിക്കുക തന്നെ ചെയ്യും. എനിക്ക് അപ്രകാരം ചെയ്യാനാകില്ല. കാരണം താങ്കൾ കർക്കശക്കാരനാണ്. താങ്കൾ മുസ്‌ലീങ്ങൾക്ക് മേൽ കാഠിന്യം പ്രവൃത്തിച്ചേക്കാം. അത് കേട്ടപ്പോൾ ഹദ്റത്ത് മുആവിയ കരഞ്ഞു കൊണ്ട് അവിടെ നിന്നും എഴുന്നേറ്റു. എന്നിട്ടു പറഞ്ഞു, ചിലപ്പോൾ ഇത് നമ്മുടെ അവസാനത്തെ കൂടിക്കാഴ്ച്ചയായിരിക്കും എന്നെനിക്ക് തോന്നുന്നു. പുറത്തിറങ്ങി സ്വഹാബാക്കളോടു പറഞ്ഞു, ഇസ്‌ലാമിന്റെ കെട്ടുറപ്പ് ഇനി നിങ്ങളുടെ കൈകളിലാണ്. ഹദ്റത്ത് ഉസ്മാൻ ഇപ്പോൾ വളരെ ബലഹീനനായിരിക്കുന്നു. ഫിത്ന വർദ്ധിച്ചിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ സംരക്ഷിക്കണം. ഇത്രയും പറഞ്ഞ് മുആവിയ മടങ്ങി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് ഉസ്മാന്റെ ശഹാദത്തിനു മുമ്പുണ്ടായ ഫിത്നകളെ കുറിച്ചും അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവത്തെ കുറിച്ചും വിവരിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു, കലാപകാരികൾക്ക് ബാഹ്യദൃഷ്ടിയിൽ വിജയം ലഭിച്ചുകഴിഞ്ഞിരുന്നു. അവർ അവസാനത്തെ അടവെന്ന നിലയിൽ ഹദ്റത്ത് ഉസ്മാന്റെ അടുത്തേക്ക് ഒരാളെ വിട്ടുകൊണ്ട് ഖിലാഫത്ത് ഒഴിയാൻ ആവശ്യപ്പെട്ടു. അവർ മനസ്സിലാക്കിയിരുന്നത് അദ്ദേഹം സ്വയം സ്ഥാനഭ്രഷ്ടനായാൽ മുസ്‌ലീങ്ങൾക്ക് പിന്നെ അവരെ ശിക്ഷിക്കാനുള്ള അവസരം ലഭിക്കുകയില്ല എന്നായിരുന്നു. ഹദ്റത്ത് ഉസ്മാന്റെ അടുത്ത് ദൂതൻ എത്തിയപ്പോൾ അദ്ദേഹം അയാളോടു പറഞ്ഞു, ജാഹിലിയ്യ കാലഘട്ടത്തിലും ഞാൻ തിന്മകളിൽ നിന്നും അകന്നിരുന്നു. ഇസ്‌ലാം സ്വീകരിച്ചശേഷം ഞാൻ ദൈവകല്പനകൾ ലംഘിച്ചിട്ടുമില്ല. പിന്നെ ഞാൻ എന്ത് അപരാധത്തിന്റെ പേരിലാണ് അല്ലാഹു എനിക്കു നല്കിയ ഈ സ്ഥാനത്തെ ഉപേക്ഷിക്കേണ്ടത്? അല്ലാഹു എന്നെ ധരിപ്പിച്ച ഈ തിരുവസ്ത്രം ഞാൻ ഒരിക്കലും ഉപേക്ഷിക്കുന്നതല്ല. ആ വ്യ

ക്തി ഇതുംകേട്ട് തിരിച്ചുപോയി. എന്നിട്ട് തന്റെ കൂട്ടുകാരോട് ഇപ്രകാരം പറഞ്ഞു, അല്ലാഹുവാണ! നമ്മൾ വലിയ വിപത്തിൽ പെട്ടിരിക്കുകയാണ്. ഉസ്മാനെ വധിക്കാതെ കണ്ട് നമുക്ക് മുസ്‌ലീങ്ങളുടെ പിടിയിൽ നിന്നും രക്ഷപ്പെടാനാകില്ല.

അവർ ഏതെങ്കിലും അയൽവാസിയുടെ മതിൽചാടി ഹദ്റത്ത് ഉസ്മാനെ വധിക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ ആ ഉദ്ദേശ്യത്തോടെ കുറച്ചുപേർ ഒരു അയൽവാസിയുടെ മതിൽ ചാടി ഹദ്റത്ത് ഉസ്മാന്റെ മുറിയിൽ കടന്നുകൂടി. ആ സമയത്ത് ഹദ്റത്ത് ഉസ്മാൻ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഉപരോധം തുടങ്ങിയതുമുതൽ അദ്ദേഹം നമസ്കരിക്കുകയോ തിലാവത്ത് ചെയ്യുകയോ ചെയ്യുന്നതില്ലാതെ മറ്റൊരു കാര്യത്തിലും ശ്രദ്ധവച്ചിരുന്നില്ല. അവർ അദ്ദേഹത്തിന്റെ വീട്ടിൽ കയറിക്കൂടുന്നതിനു മുമ്പ് ഖജനാവിനു കാവലായി രണ്ടുപേരെ അദ്ദേഹം നിയമിച്ചിരുന്നു. കാരണം അദ്ദേഹം തലേന്നുരാത്രി ഒരു സ്വപ്നദർശനത്തിൽ റസൂലുല്ലാഹ്(സ)യെ കാണുകയുണ്ടായി. തിരുനബി(സ) അദ്ദേഹത്തോടു പറഞ്ഞു, അല്ലയോ ഉസ്മാൻ, ഇന്ന് താങ്കൾക്ക് നമ്മോടൊപ്പം നോമ്പു തുറയ്ക്കാം. ആ സ്വപ്നം കാരണം അദ്ദേഹത്തിന് താൻ ശഹീദാകുമെന്ന് ഉറപ്പായിരുന്നു. അതുകൊണ്ട് അദ്ദേഹം തന്റെ കടമയായി കണ്ടുകൊണ്ട് ബഹളത്തിനിടയിൽ ആരെങ്കിലും ഖജനാവ് കൊള്ളയടിക്കാതിരിക്കാനായി രണ്ടാളുകളെ ഖജനാവിന്റെ വാതിൽക്കൽ കാവൽ നിറുത്തി ഇവർ അകത്തു കടന്നതും ഹദ്റത്ത് ഉസ്മാൻ ഖുർആൻ ഓതുന്നതായി കണ്ടു. അവരിലൊരാൾ മുന്നോട്ടുവന്ന് ഒരു ലോഹദണ്ഡുകൊണ്ട് ഹദ്റത്ത് ഉസ്മാന്റെ തലയിലടിച്ചു. എന്നിട്ട് ഹദ്റത്ത് ഉസ്മാന്റെ മുമ്പിൽ വീണുകിടന്ന ഖുർആനെ ചവിട്ടിത്തെറിപ്പിച്ചു. ഖുർആൻ ഉരുണ്ടുരുണ്ട് ഹദ്റത്ത് ഉസ്മാന്റെ മുമ്പിൽ ചെന്നെത്തി. അദ്ദേഹത്തിന്റെ തലയിൽ നിന്നും ചോരത്തുള്ളികൾ വാർന്ന് അതിൽ വീണു.

അദ്ദേഹത്തിന്റെ രക്തത്തുള്ളികൾ പതിച്ച ഖുർആനിക വചനത്തിൽ ഒരു ശക്തമായ പ്രവചനമുണ്ടായിരുന്നു. അത് കൃത്യസമയത്ത് പ്രതാപത്തോടെ പുലരുകയും ചെയ്തു. അതു സംഭവിച്ചാൽ ആ രക്തരൂക്ഷിതമായ വാക്കുകളുടെ ബഹിർസ്ഫുരണം കണ്ടമാത്രയിൽ എത്ര കഠോരഹൃദയമുള്ളവനും ഭയത്താൽ കണ്ണടക്കുന്ന വിധം പ്രൗഢഢോജ്ജ്വലമായിരുന്നു അത്. ആ ആയത്ത് ഇതായിരുന്നു,

فَسَيَكْفِيكَهُمُ اللّٰهُ وَهُوَ السَّمِيعُ الْعَلِيمُ (2:138)

അല്ലാഹു നിശ്ചയമായും നിനക്കുവേണ്ടി അവരോട് പ്രതികാരം ചെയ്യുന്നതാണ്. അവൻ നല്ലവണ്ണം കേൾക്കുന്നവനും അറിയുന്നവനുമാണ്. അതിനുശേഷം സോദാൻ എന്നു പേരുള്ള ഒരാൾ മുന്നോട്ടുവന്ന് അദ്ദേഹത്തിന്റെ മേൽ വാൾ പ്രയോഗിക്കാൻ തുടങ്ങി. ആദ്യത്തെ വെട്ട് അദ്ദേഹം തന്റെ കൈകൊണ്ട് തടയുകയും കൈ ഖണ്ഡിക്കപ്പെടുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു, അല്ലാഹുവാണ! ഇത് ഏറ്റവുമാദ്യം ഖുർആൻ എഴുതിയ കയ്യാണ്. അതിനുശേഷം രണ്ടാമതും അയാൾ വാൾ വീശി അദ്ദേഹത്തെ വധിക്കാൻ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ നായില അവിടെ അദ്ദേഹത്തിനു മുമ്പിൽ വന്നു നിന്നു. എന്നാൽ ആ ദുർഭഗൻ ഒരു സ്ത്രീയ്ക്കുമേൽ പോലും ആക്രമണം നടത്തുന്നതിൽ നിന്നും വിട്ടുനിന്നില്ല. ആ വെട്ടിൽ അദ്ദേഹത്തിന്റെ ഭാര്യയുടെ വിരലുകൾ അറ്റുവീണു. അയാൾ വീണ്ടും ഹദ്റത്ത് ഉസ്മാനെ വെട്ടി. സാരമായ പരിക്കേല്പ്പിച്ചു. തുടർന്ന് ആ ദുർഭഗൻ കരുതി, ചിലപ്പോൾ ഇദ്ദേഹത്തിന്റെ ജീവൻ വെടിഞ്ഞുകാണില്ല. രക്ഷപ്പെട്ടേക്കാൻ സാധ്യതയുണ്ട്. ആ സമയത്ത് പരുക്കിന്റെ തീവ്രതയാൽ അദ്ദേഹത്തിന് ബോധക്ഷയമുണ്ടാകുകയും വേദനയുടെ കാഠിന്യത്താൽ അദ്ദേഹം വിറയ്ക്കുകയുമായിരുന്നു. അയാൾ അദ്ദേഹത്തിന്റെ കഴുത്ത് പിടിച്ച് ശ്വാസം മുട്ടിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രാണൻ ശരീരം വെടിഞ്ഞ് റസൂലുല്ലാഹ്(സ)യുടെ ഭക്ഷണസൽക്കാരത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് പരലോകത്തേക്ക് പറന്നുയരുന്നതുവരെ അയാൾ കഴുത്ത് പിടിച്ചു ഞെരിച്ചു. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ.

ഇസ്‌ലാമിക സാമ്രാജ്യത്തിലെ ഖലീഫയുടെ സിംഹാസനം ശൂന്യമായതിനാൽ മദീനാവാസികൾ എല്ലാവരും ഇനിയും എന്തെങ്കിലും ചെയ്യുന്നത് വ്യർഥമാണെന്നു മനസ്സിലാക്കി തങ്ങളുടെ വീടുകളിലേക്ക് പോയി. അക്കൂട്ടർ ഹദ്റത്ത് ഉസ്മാനെ വധിച്ചിട്ടും അവിടെ അക്രമങ്ങൾ നിറുത്തിയില്ല. ഹദ്റത്ത് ഉസ്മാന്റെ ഭാര്യ അവിടെ നിന്നും മാറി നില്ക്കാമെന്നും കരുതി തിരികെ പോകുമ്പോൾ അക്കൂട്ടരിൽ ഒരു ദുർഭഗൻ അവരെ കുറിച്ച് കൂട്ടുകാരോട് അങ്ങേയറ്റം വൃത്തികേട് പറഞ്ഞു. അവർ എത്രത്തോളം ലജ്ജ വെടിഞ്ഞിരുന്നുവെന്നാൽ ഏതുതരത്തിലുള്ള ദുഷ്കൃത്യങ്ങളും അവർ കാണിക്കാൻ മടിച്ചിരുന്നില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു, ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ ഞാൻ കരുതുന്നത്, എനിക്ക് അല്ലാഹു മഹത്തായ പദവിയാണ് നല്കിയത്. ഞാൻ അതിൽ അഭിമാനിക്കുന്നുമുണ്ട് എന്നത് ശരിതന്നെ. എന്നാൽ എന്റെ ഹൃദയാഭിലാഷം ഞാൻ ഇപ്പോഴല്ല അക്കാലത്താണ് ഉണ്ടാകേണ്ടിയിരുന്നതെന്നാണ്.ഞാൻ അവരെ തുണ്ടംതുണ്ടമാക്കിയേനെ. അവർ അനാവശ്യത്തിൽ അതിരുകടക്കുകയുണ്ടായി. അവർ ഹദ്റത്ത് ആയിശ(റ)യുടെ പർദ്ദ മാറ്റി അവഹേളിക്കുകയുണ്ടായി. ഹദ്റത്ത് ഉസ്മാനുമായി ബന്ധപ്പെട്ടുനടന്ന സംഭവങ്ങളിൽ നിന്നും മനസ്സിലാകുന്നത് അദ്ദേഹം ഒരിക്കലും ഇവരെ ഭയപ്പെട്ടിരുന്നില്ല. തനിക്ക് എന്തുപറ്റുമെന്ന് വേവലാതി പെട്ടിരുന്നില്ല എന്നാണ്.

നാം ബുദ്ധിപൂർവം നോക്കുകയും യാഥാർഥ്യം മനസ്സിലാക്കാൻ ശ്രമിക്കുകയുമാണെങ്കിൽ ഖിലാഫത്ത് ഒരു മഹത്തായ പ്രസ്ഥാനമാണെന്ന് മനസ്സിലാകുന്നതാണ്. എനിക്ക് മറ്റുള്ളവരെ കുറിച്ചൊന്നും അറിയില്ലെങ്കിലും റസൂലുല്ലാഹ്(സ)ന്റെ കാലത്തെ ചരിത്രം വായിച്ചശേഷം ഞാൻ ഹദ്റത്ത് ഉസ്മാനുമേലുണ്ടായ പീഡനങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ അതോടൊപ്പം മറ്റൊരു വശത്ത് റസൂലുല്ലാഹ്(സ) ആഗതനായപ്പോൾ അദ്ദേഹത്തിൽ ഉടലെടുത്ത പ്രകാശവും ആത്മീയതയും വിലയിരുത്തുമ്പോൾ ഞാൻ പറയുന്നു, എനിക്ക് ഉണ്ടാകാനിരിക്കുന്ന പതിനായിരം പരമ്പരകളെയെല്ലാം ഒരുമിച്ച് കൂട്ടി ആ ഫിത്നയില്ലാതാക്കാനായി ത്യജിച്ചാലും അതെല്ലാം പേൻ കൊടുത്ത് ആന വാങ്ങുന്നതിനുസമമാണെന്നേ ഞാൻ കരുതുകയുള്ളൂ. അതായത് പേൻ എന്ന വളരെ നിസ്സാരമായ ജീവിയെ കൊടുത്തിട്ട് അതിനുപകരമായി ആനയെ വാങ്ങുന്ന കച്ചവടത്തിനു തുല്ല്യമാണത്.

ഹദ്റത്ത് ഉമറിനുശേഷം എല്ലാ സഹാബാക്കളുടേയും(റ ളിയല്ലാഹു അൻഹും) കണ്ണുകൾ ഖിലാഫത്ത് സ്ഥാനത്തിൽ അവരോധിതനാകുന്നതിന് ഹദ്റത്ത് ഉസ്മാനിലേക്ക് തിരിഞ്ഞു. മുതിർന്ന സ്വഹാബാക്കളുടെ അഭിപ്രായത്താൽ അദ്ദേഹം ഇതിനായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം റസൂൽ കരീം(സ)ന്റെ ജാമാതാവായിരുന്നു. ഒന്നിനുശേഷം മറ്റൊന്നായി റസൂലുല്ലാഹ്(സ)യുടെ രണ്ട് പെൺമക്കളെ അദ്ദേഹം വിവാഹം ചെയ്തു. റസൂലുല്ലാഹ്(സ)യുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന് സവിശേഷ സ്ഥാനമാഹാത്മ്യങ്ങൾ ഉണ്ടായിരുന്നെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. അദ്ദേഹം മക്കാവാസികളുടെ ദൃഷ്ടിയിലും വളരെ സവിശേഷയുള്ളയാളായിരുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) ഇസ്ലാം സ്വീകരിച്ച ശേഷം ഇസ്ലാമിലേക്ക് തബ്ലീഗ് ചെയ്യാനായി പ്രത്യേകം തെരഞ്ഞെടുത്ത പ്രത്യേക വ്യക്തികളിൽ ഹദ്റത്ത് ഉസ്മാനുമായിരുന്നു.

റസൂലുല്ലാഹ്(സ) അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. ഒരിക്കൽ തിരുനബി(സ) ശയിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) വന്നു. അപ്പോഴും നബി(സ) കിടക്കുന്നതു തുടർന്നു. പിന്നീട് ഉമർ(റ) വന്നു. അപ്പോഴും തിരുനബി(സ) കിടക്കുക തന്നെ ചെയ്തു. തുടർന്ന് ഹദ്റത്ത് ഉസ്മാൻ(റ) ആഗതനായി. അപ്പോൾ പെട്ടെന്നുതന്നെ റസൂലുല്ലാഹ്(സ) തന്റെ വസ്ത്രം ഒരുമിച്ചുകൂട്ടി ശരിയാക്കി. എന്നിട്ടു പറഞ്ഞു, ഹദ്റത്ത് ഉസ്മാൻ വളരെ ലജ്ജയുള്ള പ്രകൃതക്കാരനാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ മാനിച്ചുകൊണ്ട് ഇങ്ങനെ ചെയ്യുന്നത്. ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പും മദ്യം തൊടാത്ത വളരെ ചുരുക്കം പേരിൽ ഒരാൾ ഹദ്റത്ത് ഉസ്മാനുമായിരുന്നു. അദ്ദേഹം വ്യഭിചാരത്തിന്റെ പരിസരത്തേക്കു തന്നെ പോയിരുന്നില്ല. അദ്ദേഹം ഒരു സാധാരണ വ്യക്തിയായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വഭാവങ്ങൾ ഉൽകൃഷ്ടമായിരുന്നു. ഹദ്റത്ത് ഉമർ അദ്ദേഹത്തെ റസൂലുല്ലാഹ്(സ)യുടെ വഫാത്ത് വരെ തിരുനബിയുടെ അതിയായ പ്രസന്നതയ്ക്കു പാത്രീഭൂതരായ ആറുപേരിൽ ഉൾപ്പെടുത്തിയിരുന്നു. അദ്ദേഹം റസൂലുല്ലാഹ്(സ) സ്വർഗവാകാശികളായി പ്രഖ്യാപിച്ച പത്ത് പേരിൽ ഒരാൾ ഹദ്റത്ത് ഉസ്മാനാണ്.

ഹദ്റത്ത് ഉസ്മാന്റെ ശഹാദത്തിന്റെ ദിവസത്തെ കുറിച്ച് പറയപ്പെടുന്നത്, ഹദ്റത്ത് ഉസ്മാൻ 82-ാം വയസ്സിൽ ദുൽഹജ്ജ് 18, ഹിജ്റ 36ന് വെള്ളിയാഴ്ച്ച അസറിനുശേഷമാണ് ശഹാദത്ത് വരിച്ചത്. ഹദ്റത്ത് ജുബൈറുബ്നു മുത്അം ഹദ്റത്ത് ഉസ്മാന്റെ ജനാസ നമസ്ക്കരിപ്പിച്ചു. ഹദ്റത്ത് ഉസ്മാനെ ശനിയാഴ്ച്ച മഗ്രിബിനും ഇശായ്ക്കുമിടയിൽ ഹശ്ശ് കൗകബിൽ കബറടക്കി. ജന്നത്തുൽ ബഖീഅ്ന് വളരെ സമീപസ്ഥമായ ഒരു സ്ഥലമായിരുന്നു അത്. ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ പറയുമായിരുന്നു. അടുത്തുതന്നെ ഒരു സുകൃതവാൻ മരണപ്പെടുകയും അദ്ദേഹത്തെ ഇവിടെ അതായത് ഹശ്ശ് കൗകബിൽ കബറടക്കപ്പെടുകയും ചെയ്യും. ജനങ്ങൾ അദ്ദേഹത്തെ പിന്തുടരുന്നതാണ്.ഹദ്റത്ത് ഉസ്മാന്റെ കബറടക്കലിനെ കുറിച്ച് ഇപ്രകാരം ഒരു നിവേദനം ലഭിക്കുന്നു, കലാപകാരികൾ മൂന്നു നാളുകളോളം അദ്ദേഹത്തിന്റെ ജനാസയെടുക്കാൻ അനുവദിച്ചില്ല. എന്തായാലും ഇനിയും കുറച്ചുകാര്യങ്ങൾ വിവരിക്കാനുണ്ട്, അല്പം ബാക്കി വന്നത് ഇൻശാഅല്ലാഹ് പിന്നീട് കേൾപ്പിക്കുന്നതായിരിക്കും.

ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ് മൗലവി മുഹമ്മദ് ഇദ്രീസ് തേറു സാഹിബ്, മുബല്ലിഗ് സിൽസില ഓഫ് ഐവറികോസ്റ്റ്, അമീന നായേഗാ കാരോ സഹിബ, നൗഹീ ഖസ്ഖ് സാഹിബ് ഓഫ് സിറിയ, ഫർഹത്ത് നസീമ സാഹിബ ഓഫ് റബ്വ എന്നിവരെ കുറിച്ച് അനുസ്മരിക്കുകയുണ്ടായി. നമസ്കാരശേഷം അവരുടെ ജനാസ നമസ്ക്കരിപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 12.03.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516